# കേരള സർക്കാർ

## വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്

## സർക്കുലർ

നം. 1050/എസ്3/11/എസ്.സി.പി.ഡബ്ള്യൂ.ഡി തീയതി, തിരുവനന്തപുരം,9.11.2011.

വിഷയം: സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേർസൺസ് വിത്ത് ഡിസെബിലിറ്റീസ്- ഡിസെബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയർ കാർഡും ആനുകൂല്യങ്ങൾക്ക് പൊതു ആധികാരിക രേഖയായാണ് അംഗീകരിച്ചത്- നടപ്പിലാക്കുന്നത് - സംബന്ധിച്ച്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. 06.12.2003 ലെ സർക്കാർ ഉത്തരവ് (പി) 71/03/സാക്ഷേവ
2. 30.11.2010 ലെ സർക്കാർ ഉത്തരവ് (പി) 86/2010/സാക്ഷേവ

വികലാംഗ നിയമം (തുല്യ അവസരത്തിനും അവകാശ സംരക്ഷണത്തിനും പൂർണ്ണ പങ്കാളിത്തത്തിനും) 1995 ലെ വകുപ്പ് 2 (i) പ്രകാരം വൈകല്യമുള്ള ആളുകൾക്ക് കേരള വികലാംഗ സംരക്ഷണ ചട്ടങ്ങൾ 2000, ചട്ടം 5 പ്രകാരം വികലാംഗ തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. വികലാംഗ സംരക്ഷണ നിയമം 1995, കേരള വികലാംഗ സംരക്ഷണ ചട്ടങ്ങൾ 2000 എന്നിവ നിർവചിക്കുന്ന പ്രകാരം സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ മിഷൻ വഴി വിതരണം ചെയ്യപ്പെടുന്ന വികലാംഗ തിരിച്ചറിയൽ കാർഡ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി അംഗീകരിച്ചു കൊണ്ട് സൂചന ഒന്നു പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം ലഭിക്കുന്നതിന് മറ്റു രേഖകളൊന്നും ആവശ്യപ്പെടേണ്ടതില്ലെന്ന് സൂചന രണ്ടു പ്രകാരം വ്യക്തമാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വികലാംഗർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ച് കിട്ടുന്നതിന് സംസ്ഥാന സാമൂഹ്യ സുരക്ഷ മിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡിന് പുറമേ മറ്റൊരു രേഖയും ആവശ്യപ്പെടാൻ പാടുള്ളതല്ല. വികലാംഗ സംരക്ഷണ (തുല്യ അവസരത്തിനും അവകാശ സംരക്ഷണത്തിനും പൂർണ്ണ പങ്കാളിത്തത്തിനും) നിയമം 1995, 61 (c) വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രകാരം വികലാംഗരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സംസ്ഥാന വികലാംഗ കമ്മീഷണർ പ്രതിജ്ഞാബദ്ധമാണ്.

വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് അവർക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ നൽകാനുള്ള ആധികാരിക രേഖയായി സ്വീകരിക്കാൻ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ അതിന് കാരണക്കാരായവർക്കെതിരെ വികലാംഗ സംരക്ഷണ നിയമം 1995 വകുപ്പ് 63 ൽ നിഷിപ്തമായിട്ടുള്ള സിവിൽ കോടതിയുടെ അധികാരങ്ങൾ ഉപയോഗിച്ച് Indian Penal Code, Code of Criminal Procedure 1973 - ആദിയായവയുടെ പ്രസക്ത വകുപ്പുകൾ പ്രകാരമുള്ള നടപടികൾക്ക് വിധേയമാകും.

പ്രൊഫ. ഡോ. എൻ. അഹമ്മദ് പിള്ള
വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ